**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*230.** **12.03.2020 ൽ മറുപടിയ്ക്ക്**

**ലഹരിക്കായി ഉപയോഗിക്കുന്ന നിരോധിത മരുന്നുകളുടെ ഓൺലൈൻ വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരിക്കായി ഉപയോഗിക്കുന്ന നിരോധിത മരുന്നുകൾ സംസ്ഥാനത്ത് ഓൺലൈനിൽ വ്യാപകമായി വിൽ ക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വിവിധ സാമൂഹിക മാധ്യമങ്ങൾ, ഡാർക്ക് വെബ് തുടങ്ങിയവ ഉപയോഗിച്ച് ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന നടക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് വിവിധ നിരീക്ഷണ സംവിധാനങ്ങൾ ഉപയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>മദ്യം, മയക്ക്മരുന്ന് തുടങ്ങിയ ലഹരിയുടെ ഉപയോഗത്തെക്കുറിച്ചും അതിന്റെ വിപണനം സംബന്ധിച്ചും സോഷ്യൽ മീഡിയയിൽ വർദ്ധിച്ചുവരുന്ന പ്രചാരണം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എക്സൈസ് വകുപ്പിൽ ഒരു സൈബർസെൽ നിലവിലെ സംവിധാനം ഉപയോഗിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. ഓൺലൈൻ സംവിധാനം വഴി സംസ്ഥാനത്തെ കൊറിയർ, പാർസൽ സർവ്വീസ് സ്ഥാപനങ്ങളിലൂടെ മയക്കുമരുന്ന് എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കൊറിയർ സർവ്വീസ് ശാഖകളിൽ എക്സൈസ് വകുപ്പ് പരിശോധന നടത്തിയിട്ടുള്ളതാണ്. |
| (ബി) | ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ; | | |
| (സി) | ലഹരിയായി ഉപയോഗിക്കാവുന്ന നിരോധിത മരുന്നുകളുടെ അനധികൃത വിൽപന തടയുവാനുള്ള അധികാരം നൽകിക്കൊണ്ട് ദേശീയ ഡ്രഗ്സ് റെഗുലേറ്റർ എന്തെങ്കിലും | (സി) യും (ഡി) യും | ഇല്ല. Narcotic Drugs & Psychotropic Substances Act (NDPS) പ്രകാരമുള്ള 110 ഇനം Psychotropic Substance - കളിൽ Alprazolam, Buprenorphine, Chlodiazepoxide, Diazepam, Midazolam, Nitrazepam, Pentazocine എന്നിവയാണ് രോഗ ചികിൽസയ്ക്കായുള്ള മരുന്നുകളായി മെഡിക്കൽ ഷോപ്പ് വഴി ലഭ്യമായിട്ടുള്ളത്. ഇവയുടെ ദുരുപയോഗം തടയുന്നതിനായി കേന്ദ്ര സർക്കാർ ഡ്രഗ്സ് ആന്റ് |

| | | | |
|---|---|---|---|
| | ഉത്തരവുകൾ സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | | കോസ്മെറ്റിക്സ് റൂൾസിൽ ഭേദഗതി വരുത്തി ഇവയെല്ലാം ഷെഡ്യൂൾ എച്ച്1 എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിപണിയിൽ ലഭ്യമായതും എന്നാൽ ഡോക്ടറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രം വിൽക്കേണ്ടതും ലഹരി ഉളവാക്കും എന്ന ധാരണയിൽ ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതുമായ മരുന്നുകളുടെ വിൽപ്പന/വിതരണം എന്നിവ നിയന്ത്രിക്കുന്നതിനായി C & F/Stockist, മൊത്ത/ചില്ലറ ഔഷധ വ്യാപാരികൾ എന്നിവിടങ്ങളിൽ എക്സൈസ് വകുപ്പ് കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. നിബന്ധനകൾ ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിലേക്കായും, ലഹരി ഉളവാക്കുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന സ്കൂൾ/കോളേജ് കാമ്പസ്സുകളുടെ സമീപത്ത് പ്രത്യേകം ജാഗ്രത പുലർത്തി നിരീക്ഷിക്കുന്നതിനായും വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഷെഡ്യൂൾ എച്ച്, എച്ച്1 വിഭാഗത്തിൽപ്പെടുന്ന മരുന്നുകളുടെ രേഖകളില്ലാതെയുള്ള വിൽപ്പന ഉൾപ്പെടെയുള്ള വിവിധ ലംഘനങ്ങൾക്ക് സംസ്ഥാനത്തെ 360-ഓളം വരുന്ന മരുന്നുകടകളുടെ ഡ്രഗ്സ് ലൈസൻസുകൾ 2016 മുതൽ നാളിതുവരെ ഈ വകുപ്പ് സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇത് കൂടാതെ മറ്റ് വകുപ്പുമായി ചേർന്ന് റെയിഡുകളും എക്സൈസ് വകുപ്പ് നടത്താറുണ്ട്. ഇത്തരം റെയിഡുകളിൽ നാളിതുവരെ ഗുരുതര വീഴ്ചകളൊന്നും തന്നെ കണ്ടെത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | | |

**സെക്ഷൻ ഓഫീസർ**